**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 720** **24-08-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുടെ വിപണി ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | ഓണവിപണിയിൽ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ മുഖേന എന്തൊക്കെ ഇടപെടലുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ; | (എ) | ഉത്സവ കാലങ്ങളിൽ പൊതു വിപണിയിൽ ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ടി സർക്കാർ സബ്സിഡിയോടു കൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടു കൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്താറുണ്ട്. ഈ വർഷത്തെ ഓണവിപണി 2022 ആഗസ്റ്റ് 29 മുതൽ സെപ്റ്റംബർ 7 വരെ 10 ദിവസങ്ങളിൽ തുടർച്ചയായി 1500 വിപണികളിലായി വിൽപന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഉത്സവകാലങ്ങളിൽ സഹകരണ സ്ഥാപനങ്ങൾ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി നടത്തുന്ന ഇടപെടലുകൾ വർഷം മുഴുവനും തുടരുന്നത് ഉചിതമായിരിക്കും എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | *ഈ വിഷയത്തിൽ സാമ്പത്തിക ബാധ്യത ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.* |
| (സി) | വർഷം മുഴുവനും ഇത്തരത്തിൽ ന്യായവിലയ്ക്ക് സാധനങ്ങൾ നൽകുന്ന വിധത്തിൽ കടകൾ തുടങ്ങുമോ? | (സി) | *ഈ വിഷയത്തിൽ സാമ്പത്തിക ബാധ്യത ഉൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.* |

സെക്ഷൻ ഓഫീസർ